# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3297 24/06/2013ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് ലിസ്റ്റ്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാനാണ് ഇപ്പോൾ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഓരോ ലിസ്റ്റിന്റെയും (തസ്തികയുടെ) പേര്, റിപ്പോർട്ടു ചെയ്ത ഒഴിവുകൾ, നടത്തിയ നിയമനങ്ങളുടെ എണ്ണം, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, ലിസ്റ്റിന്റെ കാലാവധി അവസാനി–ക്കുന്ന തീയതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; | (എ)യും (ബി)യും<br>2013 ഡിസംബർ 31-നോ അതിനുമുൻപോ കാലാവധി അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാകാത്തതുമായ അദ്ധ്യാപകരുടെ ഉൾപ്പെടെയുള്ള എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി അതാതു ലിസ്റ്റുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ (ഏതാണോ ആദ്യം) ദീർഘിപ്പിച്ചു നൽകുവാൻ സർക്കാർ പി.എസ്.സി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേൽ പി.എസ്.സി. തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ വീണ്ടും പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ടെസ്റ്റ് നടത്തിയിട്ടുണ്ട്; ഇന്റർവ്യൂ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | |
| (സി) പ്രസ്തുത ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന് പി.എസ്.സി. യോട് ആവശ്യപ്പെടുന്നതിന്റെ കാരണമെന്താണ്; സർക്കാർ ആവശ്യം പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ; | (സി) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചതുകൊണ്ടും, ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുവാൻ വൈകുന്നതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാനുമാണ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ സർക്കാർ കമ്മീഷനോട് ആവശ്യപ്പെട്ടത്. പ്രസ്തുത ആവശ്യം പി.എസ്.സി.യുടെ പരിഗണനയിലാണ്. |
| (ഡി) കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട ലിസ്റ്റിൽ ഒരാളെപ്പോലും നിയമിക്കാത്ത ലിസ്റ്റുകൾ ഉണ്ടോ; | (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | |
|---|---|
| (ഇ) പ്രസ്തുത ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിലൂടെ പുതിയ തൊഴിലിനായി കാത്തിരിക്കുന്നവരുടെ അവസരം നഷ്ടപ്പെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (എഫ്) ഈ സർക്കാർ വന്നതിനു ശേഷം എത്ര തവണ ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട് ? | (എഫ്) ആറു തവണ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ